# ധന്യം ഈ ജീവിതം

തൃശ്ശിവപേരൂരിലെ സങ്കല്പത്തിന് എന്നും വൈവിധ്യഭാവങ്ങൾ. അഭിഭാഷകൻ, രോഗികൾ, കലാസ്വാദകർ, കക്ഷികൾ, സിനിമക്കാർ തുടങ്ങി ജീവിതത്തിന്റെ വ്യത്യസ്തമേഖലകളിലുള്ളവർ സങ്കല്പത്തിൽ കയറിയിറങ്ങുന്നു. സങ്കല്പത്തിലെ കാരണവരെ നമുക്ക് പരിചയപ്പെടാം. അദ്ദേഹത്തിനു പേര് പി.രാമദാസ്. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ചലച്ചിത്രസംവിധാകൻ എന്ന ബഹുമതി നേടിയ വ്യക്തി. "എന്റെ ജീവിതത്തിൽ എനിക്കു വളരെ സംതൃപ്തിയുണ്ട്, സന്തോഷമുണ്ട്" കാരണവരുടെ മുഖത്ത് വിടരുന്ന പുഞ്ചിരി.

മൂന്നു ചലച്ചിത്രങ്ങളുടെ ശില്പിയായ രാദാസിന് ചലച്ചിത്രത്തെപ്പറ്റി വ്യക്തമായ ധാരണകളുണ്ട്. സാധാരണക്കാരനെപോലെ സിനിമ കണ്ടുകൊണ്ട് ചലച്ചിത്രജീവതത്തിന് ആരംഭം കുറിച്ച കഥാനായകൻ, ആ കാലത്ത് സിനിമയെക്കുറിച്ച് ഗൗരവമായി പഠിക്കാനും പ്രസിദ്ധീകരണങ്ങളും നിരൂപണങ്ങളും വായിക്കാനും ആരംഭിച്ചു. "ഏതൊരുവന്റെയും സിനിമയെക്കുറിച്ചുള്ള പഠനം ഈ തരം കാണൽകൊണ്ടുതന്നെയാണ് നടക്കുന്നത്" എന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു.

1954ൽ തിരുവനന്തപുരം എം.ജി.കോളജിൽ രണ്ടാംതവണ ഇന്റർമീഡിയേറ്റിന് ബയോളജി പഠിക്കുമ്പോൾ സുഹൃത്ത് എസ്.പരമേശ്വരനുമായി സഹകരിച്ച് ആദ്യ മലയാള നിയോ റിയലിസ്റ്റിക് ചിത്രമായ 'ന്യൂസ് പേപ്പർ ബോയ്'



ഫോട്ടോ: രാജേഷ് മേനോൻ

ചിത്രീകരിച്ചു. എട്ട് കേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചുവെങ്കിലും സാമ്പത്തികമായി ഒരു പരാജയമായിരുന്നു അത്. ശേഷം 1975-76 കാലത്തിൽ നിറമാല എന്ന ചിത്രം പുറത്തുവന്നു. 1981ൽ തിരക്കഥയെഴുതിയ 'വാടകവീട്ടിലെ അതിഥി' എന്ന ചിത്രം രാമദാസിന് സംതൃപ്തി നല്കിയില്ല. 'നിർമാതാവിനു നഷ്ടമുണ്ടായില്ലെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം ഒരു നഷ്ടമായിതന്നെ കരുതുകയാണ്. കാരണം ഒരു നല്ല കഥ, വേണ്ടവിധത്തിലല്ലാതെ ചിത്രീകരിക്കേണ്ടിവന്നതുതന്നെ. ഇതിനിടയാക്കിയത് നിർമാതാവിന്റെ സാമ്പത്തികക്ലേശം തന്നെ'. സൗകര്യങ്ങളും സന്ദർഭങ്ങളും ഒത്തുവന്നാൽ ഇനിയും ചിത്രമെടുക്കാൻ അദ്ദേഹത്തിന് ആഗ്രഹമുണ്ടത്രേ. എന്നാൽ മേല്പറഞ്ഞതിന് അടിസ്ഥാനം ഒരിക്കലും സാമ്പത്തികമല്ലെന്ന് തറപ്പിച്ചുപറയുന്നു ഈ വെള്ളിമുടിക്കാരൻ.

ഒരു വക്കീൽ എന്ന നിലയ്ക്കുള്ള തന്റെ ജീവിതം തീർച്ചയായും സംതൃപ്തി പകരുന്നു എന്ന് അഭിമാനത്തോടെ പറയുന്നു രാമദാസ്. അഡ്വക്കേറ്റ് വെളുപ്പ് കറുപ്പാക്കുകയും കറുപ്പ് വെളുപ്പാക്കുകയും ചെയ്യുന്നുവെന്ന തെറ്റായ ധാരണ പലർക്കുമുണ്ട്. എന്നാൽ, ഈ പ്രവർത്തികൾ പലയിടത്തും നടക്കുന്നുവെന്ന സത്യവും അദ്ദേഹം നിഷേധിക്കുന്നില്ല. ഇത്തരം അനുഭവങ്ങൾ കേസ് നടത്തുന്ന വക്കീലിന്റെ വാക് സാമർഥ്യമല്ല, മറിച്ച് നിയമത്തിന്റെ ചട്ടക്കൂടിൽനിന്നുകൊണ്ടാണ് അഡ്വക്കേറ്റ് കേസ് നടത്താൻ നിർബന്ധിതനാകുന്നത്. അഡ്വക്കേറ്റ് നിയമം വ്യാഖ്യാനിക്കുന്നുവെന്നുമാത്രം. ഈ അടിസ്ഥാനത്തിൽ ജഡ്ജിക്ക് ഏതാണോ കൂടുതൽ അഭിമതമായി തോന്നുന്നത് ആയതുപോലെ വിജയവും പരാജയവും നേരിടുന്നു. പരിചയസമ്പന്നനായ ഒരഭിഭാഷകന്റെ സ്വരം നാമറിയുന്നു.

ഡോക്ടർ ബിരുദമെന്ന ബാല്യത്തിലെ മോഹം പൂവണിഞ്ഞത് ഈയിടെ. സോറിയാസിസ് ഗവേഷണത്തിന്റെ ചുവടുപിടിച്ച് ഓൾട്ടർനേറ്റീവ് മെഡിസിനിൽ എം.ഡി.ബിരുദം നേടി അദ്ദേഹം. വൈദ്യന്റെ ജീവിതം തനിക്കൊരു മാറ്റവും വരുത്തിയിട്ടില്ലെന്ന് ഈ അഭിഭാഷകൻ പറയുന്നു. വൈദ്യം തൊഴിലായി സ്വീകരിച്ചിട്ടില്ല എന്നാൽ വൈദ്യശാസ്ത്രത്തിന്റെ പാഠങ്ങൾ ആവശ്യം വരുന്നിടത്ത് പ്രയോഗിക്കുക മാത്രമാണ് താൻ ചെയ്യുന്നതെന്നാണ് രാമദാസിന്റെ മതം.

ഇന്നത്തെ അശാസ്ത്രീയമായ വിദ്യാഭ്യാസത്തിനെതിരെ രാമദാസ് പ്രതികരിക്കുന്നു. "ഔപചാരിക വിദ്യാഭ്യാസം വ്യക്തിയുടെ ജീവിതരീതിയുടെ നിലവാരം ഉയർത്തുവാനുള്ള വ്യഗ്രത വളർത്തലാണ്. ഇത് ഭൗതികമായ വളർച്ചയ്ക്കും ഐശ്വര്യത്തിനും ഇടയാക്കും. എന്നാൽ, ജീവിതത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കണമെന്നില്ല. ഒരു മാതൃകാവിദ്യാഭ്യാസരീതി ഇതിനെ രണ്ടിനെയും കൂട്ടിയിണക്കുന്നതാവണം. സമൂഹത്തിന് ഒറ്റപ്പെട്ട വ്യക്തികളെ സൃഷ്ടിക്കുന്നതല്ല യഥാർത്ഥ വിദ്യാഭ്യാസം. സമൂഹത്തോടുള്ള തങ്ങളുടെ പ്രതിബദ്ധതയെക്കുറിച്ച് തികച്ചും ബോധ്യത്തോടുകൂടി സമൂഹവുമായി വ്യക്തികളെ ബന്ധിപ്പിക്കുന്നതിനുള്ള കണ്ണിയാകണം വിദ്യാഭ്യാസം" ഇത്തരം കാഴ്ചപ്പാടുകൾ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിന് എളിയ ശ്രമവും തുടക്കവുമെന്ന നിലയിൽ ഒരു അനൗപചാരിക സർവകലാശാല സ്ഥാപിക്കാനുള്ള ഒരുക്കത്തിലാണദ്ദേഹം. മൂല്യരഹിതമായ ഭൗതികജ്ഞാനത്തിന്റെ വളർച്ചയാണ് മനുഷ്യൻ നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കും മൂലകാരണം. അടിസ്ഥാന വിദ്യാഭ്യാസയോഗ്യത പോരാ എന്ന വസ്തുതയോ, സാമ്പത്തികമായ കഴിവിന്റെ അഭാവമോ, പ്രായമോ ഏതെങ്കിലും ഒരു വിഷയത്തിൽ അറിവ് നേടുന്നതിന് ഒരു വ്യക്തിക്ക് തടസമാകരുതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഇദ്ദേഹം വോട്ട് (vote) ചെയ്യാറില്ലെന്നതാണ് മറ്റൊരു പ്രത്യേകത "ഒരു നല്ല വ്യക്തി ജയിച്ചതുകൊണ്ട് അവനെകൊണ്ട് ഒറ്റയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല. ഒന്നുകിൽ അവൻ നിഷ്ക്രിയനായി സമൂഹത്തിൽ നിലകൊള്ളും അല്ലെങ്കിൽ മറ്റുള്ളവരുടെ കൂടെ ചേർന്ന് അവനും ചീത്തയാകും ഇതാണ് ഇന്നത്തെ സ്ഥിതി" ജനാധിപത്യം തന്നെ അറുപഴഞ്ചനാണ്. ഭൂരിപക്ഷം ജനങ്ങളും സാംസ്കാരികമായും വിദ്യാഭ്യാസപരമായും ലക്ഷ്യബോധമുള്ളവരുമായാൽ മാത്രമേ രാജ്യം പുരോഗതി പ്രാപിക്കൂ" എന്ന് അദ്ദേഹത്തിന്റെ അഭിപ്രായം.

നല്ലൊരു കൊളാഷ് നിർമ്മാതാവുകൂടിയാണ് കഥാനായകൻ. ഈയിടെ അദ്ദേഹത്തിന്റെ കൊളാഷ് ചിത്രങ്ങളുടെ ഒരു പ്രദർശനം തൃശൂരിൽ സംഘടിപ്പിച്ചിരുന്നു. അദ്ദേഹത്തെക്കുറിച്ച് പ്രദീപ് നായർ സംവിധാനംചെയ്ത 'എ നിയോറിയലിസ്റ്റിക് ഡ്രീം' എന്ന ഡോക്യുമെന്ററി തൃശൂരും തിരുവനന്തപുരത്തും ഈയിടെ പ്രദർശിപ്പിച്ചു.

ഭാരത സംസ്കാരത്തെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന രാമദാസ് സംസ്കാരത്തിന്റെ അംശങ്ങൾ ജനങ്ങൾക്ക് പകർന്നുകൊടുക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തി 'വിജ്ഞാനഭാരതി'യെന്നും 'സംഹിത'യെന്നും പേരുള്ള രണ്ടു മാസികകൾ നടത്തുന്നുണ്ട്. വിജ്ഞാനഭാരതി പ്രസിദ്ധീകരണത്തിന്റെ 16-ാം വർഷത്തിലാണ്. 'സംഹിത' എന്ന ഇംഗ്ലീഷ് മാസിക നാലാം വർഷവും.

92ൽ സംഭവിച്ച പക്ഷാഘാതത്തിന്റെ തളർച്ചയിലും തളരാത്ത മനസ്സും ശരീരവുമായി തന്റെ കർമമണ്ഡലങ്ങൾ വെട്ടിതെളിക്കുന്നു അദ്ദേഹം.

കുടുംബം: ഭാര്യ: രുഗ്മണീദേവി. മക്കൾ: പ്രശാന്തൻ, പ്രസാദ്.

-പ്രബീഷ് പി.വെള്ളാനിക്കര